പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 449 — 19.03.2013 -ൽ മറുപടിക്ക്

ഡീസൽ സബ്സിഡി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എളമരം കരീം<br>" എം. ഹംസ<br>" കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>" സി. കൃഷ്ണൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഡീസൽ സബ്സിഡി നിർത്തലാക്കിയത് കാരണം കെ.എസ്.ആർ.ടി.സി.ക്കുണ്ടായ അധിക ബാധ്യത മറികടക്കുന്നതിനായി സ്വകാര്യ പമ്പുകളിൽ നിന്നും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പമ്പുകളിൽ നിന്നും ഡീസൽ അടിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ; | (എ) യും (ബി) യും | ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സമിതി പരിശോധിക്കുകയുണ്ടായി. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | കെ.എസ്.ആർ.ടി.സി. ക്ക് ഡീസൽ നല്കാമെന്ന് കാണിച്ച് പെട്രോളിയം ഡീലേഴ്സ് ഫെഡറേഷന്റെയും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെയും നിർദ്ദേശത്തിന്മേൽ ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ; | | |
| (സി) | ഡീസൽ വില വർദ്ധനയെ തുടർന്ന് ഇൻഡ്യയിലെ ഏതെല്ലാം സംസ്ഥാന ട്രാൻസ്പോർട്ട് കോർപ്പറേഷനുകളാണ് സ്വകാര്യപമ്പുകളിൽ നിന്നും ഡീസൽ അടിക്കാൻ തീരുമാനിച്ചിട്ടുള്ളതെന്നവിവരം ലഭ്യമാണോ; വിശദമാക്കാമോ; | (സി) യും (ഡി) യും | തമിഴ്നാട്, കർണാടക, ആന്ധ്രാ പ്രദേശ്, മഹാരാഷ്ട്ര, ഹിമാചൽ പ്രദേശ്, രാജസ്ഥാൻ, ഗുജറാത്ത് എന്നീ സംസ്ഥാന ട്രാൻസ്പോർട്ട് കോർപ്പറേഷനുകൾ സ്വകാര്യ പമ്പുകളിൽ നിന്നും ഡീസൽ |
| (ഡി) | അയൽസംസ്ഥാനങ്ങളായ കർണ്ണാടക, | | |

| | | | |
|---|---|---|---|
| | ആന്ധ്ര, തമിഴ്നാട് എന്നിവിടങ്ങളിലെ ട്രാൻസ്പോർട്ട് കോർപ്പറേഷനുകൾ പ്രതിസന്ധി തരണം ചെയ്യാൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചതെന്ന വിവരം ലഭ്യമാണോ; | | അടിയ്ക്കുന്നതായി അറിയുന്നു. |
| (ഇ) | കെ.എസ്.ആർ.ടി.സി. യുടെ നില വിലുള്ള പമ്പുകളെ പൊതു പമ്പു കളാക്കി മാറ്റണമെന്ന ആവശ്യം ഉന്നയിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിലുള്ള നിലപാട് വ്യക്ത മാക്കുമോ? | (ഇ) | ഇക്കാര്യം ഓയിൽ കമ്പനികളുമായി ചർച്ച ചെയ്തു. നിലവിലുള്ള നിയമം അനുസരിച്ച് ചുരുങ്ങിയ കാല ത്തേയ്ക്ക് ഇക്കാര്യം പ്രാവർത്തി കമാക്കാൻ കഴിയുകയില്ല എന്നാണ് ഓയിൽ കമ്പനികൾ അറിയിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ